പദ്ധതി നടപ്പാക്കിവരുന്നു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളെ നിയന്ത്രിക്കുക എന്ന ഉദ്ദേശ്യത്തോടെ നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് തുറമുഖവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജലയാനങ്ങളിൽ സഞ്ചരിക്കുന്നവർക്ക് ലൈഫ് ജാക്കറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തണമെന്ന് വിനോദസഞ്ചാര വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ ഇല്ലാതെ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകൾ കണ്ടെത്തുന്നതിനായി പരിശോധനകൾ നടത്തുന്നുണ്ട്. ഉൾനാടൻ ജലയാന നിയമം അനുശാസിക്കുന്ന നടപടികൾ രജിസ്ട്രേഷൻ ഇല്ലാതെ സർവ്വീസ് നടത്തുന്ന ബോട്ടുകൾക്കെതിരെ സ്വീകരിച്ചുവരുന്നു.

(സി) വിദേശ ആഭ്യന്തര ടൂറിസ്റ്റുകളിൽനിന്നും ഹൗസ് ബോട്ടുകൾ അന്യായമായ തുക ഈടാക്കുന്നു എന്ന പരാതി ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹൗസ് ബോട്ടുടമകളുടെ സംഘടനകളുമായും ബന്ധപ്പെട്ട ഇതര വകുപ്പുകളുമായും കൂടിയാലോചിച്ചുമാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

നിളാ ബ്യൂട്ടിഫിക്കേഷൻ

242 (T5045) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാകവി കുഞ്ചൻനമ്പ്യാരുടെ ജന്മഗേഹം സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ ലക്കിടി പേരൂരിൽ ഭാരതപ്പുഴയുടെ തീരത്ത് "നിളാ ബ്യൂട്ടിഫിക്കേഷൻ" എന്ന ടൂറിസം പ്രോജക്ട് പരിഗണനയിലുണ്ടോ ;

(ബി) പാലക്കാട് ഡി .റ്റി. പി. സി. ശിപാർശ ചെയ്ത് അയച്ചുതന്ന പ്രോജക്ടിന്റെ കാലികസ്ഥിതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) പാലക്കാട് ഡി.റ്റി.പി.സി. സമർപ്പിച്ച 'നിളാ ബ്യൂട്ടിഫിക്കേഷൻ' പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ നിലവിൽ പ്രസ്തുത പദ്ധതി പരിഗണനയിൽ ഇല്ല.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly